**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 89** **29-08-2022 - ൽ മറുപടിയ്ക്ക്**

**ഡയറി പാർക്കുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി സി. കെ. ആശ, ശ്രീ. വി. ആർ. സുനിൽകുമാർ, ശ്രീ. ഇ കെ വിജയൻ, ശ്രീ. പി. ബാലചന്ദ്രൻ** | | **ശ്രീമതി ജെ ചിഞ്ചുറാണി (മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വ്യവസായ പാർക്കുകളുടെയും ടെക്നോപാർക്കുകളുടെയും മാതൃകയിൽ ഡയറി പാർക്കുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | ഇടുക്കി ജില്ലയിലെ കോലാഹലമേട്ടിൽ കേരള ലൈവ് സ്റ്റോക്ക് ഡവലപ്മെന്റ് ബോർഡിന്റെ സാങ്കേതിക സഹായത്തോടു കൂടി വ്യവസായ പാർക്കുകളുടെ മാതൃകയിൽ ഡയറി പാർക്കുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിനായി കെ.എൽ.ഡി ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഡയറി പാർക്കുകളിലൂടെ ക്ഷീരകർഷകർക്ക് ലഭ്യമാക്കുന്ന പ്രധാന സേവനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) | പ്രസ്തുത ഡയറി പാർക്കിലൂടെ ക്ഷീരമേഖയിലെ സംരംഭകർക്ക് കോലാഹലമേട് ഡയറി ഫാം തുടങ്ങുന്നതിനാവശ്യമായ ഭൗതിക സൗകര്യങ്ങൾ ലഭ്യമാക്കുന്നതാണ്. ഈ ഡയറി പാർക്കിലേക്കാവശ്യമായ ഉപാധികളുടെ വരവും ഫാമിലെ ഉൽപന്നങ്ങളുടെ വിപണനവും ഏകീകൃത സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതാണ്. |
| (സി) | ക്ഷീര മേഖലയുടെ ആധുനികവത്കരണത്തിനും നൂതന സാങ്കേതികവിദ്യയുടെ പ്രചരണത്തിനും പ്രസ്തുത പാർക്കുകൾ സഹായകമാകുമോ എന്ന് വ്യക്തമാക്കുമോ; | (സി) | ക്ഷീരമേഖലയുടെ വളർച്ചയ്ക്ക് സഹായകരമാണ്.<br><br>ഡയറി പാർക്കിലെ നൂതന സാങ്കേതിക വിദ്യകൾ സ്വായത്തമാക്കാൻ കർഷകർക്ക് പരിശീലനം നൽകുന്നതാണ്. ഇതിലൂടെ ക്ഷീരകർഷർക്ക് അവരുടെ ഫാമുകളിൽ അംഗീകൃത പ്രവർത്തന പ്രക്രിയകൾ നടപ്പിലാക്കാൻ സാധിക്കും. |
| (ഡി) | പാലിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്ന സ്റ്റാർട്ടപ്പുകളുടെ ആഭിമുഖ്യത്തിൽ പ്രസ്തുത പാർക്കുകൾ മുഖേന കർഷകർക്കായി സാങ്കേതിക സഹായങ്ങളും പരിശീലന സൗകര്യങ്ങളും ഒരുക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് വിശദമാക്കുമോ? | (ഡി) | പാലിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് കർഷകർക്ക് വരും കാലങ്ങളിൽ ഡയറിപാർക്ക് മുഖേന പരിശീലനം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ